for more materials visit www.educationobserver.com/forum

(Pages : 4)

601

Sl. No. 233094

# S.S.L.C. EXAMINATION, MARCH-2013
## MALAYALAM
### Paper I

Time : 1½ hours

Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ചോദ്യനിർദ്ദേശങ്ങൾ ശ്രദ്ധിച്ച് വായിച്ച് മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയവും, സ്കോറും പരിഗണിക്കണം.
- ആദ്യത്തെ പതിനഞ്ചു മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ ശരിയായി വായിക്കുന്നതിനും ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിനുമായി ഈ സമയം പ്രയോജനപ്പെടുത്തണം.

**Score**

1. താഴെ നൽകിയ പ്രയോഗത്തിന് സമാനമായ പ്രയോഗം കണ്ടെത്തുക. 1

സഹാസം : ഹാസത്തോടെ

............... : ...............

2. പ്രിയ രാഘവ! വന്ദനം ഭവാ-
ന്നുയരുന്നു ഭുജശാഖ വിട്ടു ഞാൻ 1

ഈ ഭാഗത്തെ സൂചന താഴെ പറയുന്നതിൽ ഏതാണ് ?

- സൗന്ദര്യം
- സ്വാതന്ത്ര്യം
- സമത്വം
- പരാശ്രയത്വം

3. പഴയൊരു തുറമുഖമായിരുന്നു പൊന്നാനി. അങ്ങനെയാണ് അവിടെ കച്ചവടതാല്പര്യമുള്ളവർ ചേക്കേറിയത്. 1

ഈ രണ്ടു വാക്യങ്ങളെയും അർത്ഥവ്യത്യാസമില്ലാതെ ഒറ്റവാക്യമായി മാറ്റുക.

4. പട്ടണം, ഓടി, കിതച്ച്, എന്റെ എന്നീ പദങ്ങൾ കൂട്ടിച്ചേർത്ത് 'പട്ടണമോടികിതച്ചെന്റെ' എന്ന ഒറ്റപ്പദം ഉണ്ടാക്കിയിരിക്കുന്നു. 1

ഏതൊക്കെ പദങ്ങൾ കൂട്ടിച്ചേർത്താവും 'കരളിൽത്തുടുപ്പോലുമഞ്ചിതളുകൾ' എന്ന പദം ഉണ്ടാക്കിയത് ?

5. സോക്സിൽ പൊതിഞ്ഞ കാലടികൾ ഒരു പ്രതീകമാണെങ്കിൽ അവ സൂചിപ്പിക്കുന്ന ചില അർത്ഥതലങ്ങൾ താഴെ പറയുന്നവയാണ്. 2

- ഒന്നിനോടും ബന്ധമില്ലാത്ത പുതിയ കാലത്തിന്റെ
- അവരവരുടെ സുഖം മാത്രം പ്രധാനമായി എണ്ണുന്ന കാഴ്ച്ചപ്പാടിന്റെ
- സമൂഹത്തോടും മണ്ണിനോടും ബന്ധമില്ലാത്ത ആധുനിക ജീവിതത്തിന്റെ

വിണ്ട കാലടികൾ സൂചിപ്പിക്കുന്ന അർത്ഥതലങ്ങൾ എന്തൊക്കെയായിരിക്കും ? ഏറ്റവും ഉചിതമായ രണ്ട് സൂചനകൾ എഴുതുക.

for more materials visit www.educationobserver.com/forum



Score

6. പച്ച, കത്തി, താടി: ഇവയിൽ രണ്ടു കഥകളിവേഷങ്ങളുടെ സവിശേഷത എഴുതുക. 2
മാതൃക:

മിനുക്ക് : സ്ത്രീ കഥാപാത്രങ്ങൾക്കും മുനിമാർക്കുമാണ് മിനുക്കുവേഷം നൽകുക.

7. ഒരു ചലച്ചിത്രത്തിലെന്നപോലെ യുദ്ധരംഗത്തെ ഭീകരമായ ദൃശ്യങ്ങൾ ഓരോന്നായി എടുത്തുകാട്ടുകയാണ് 'ഗാന്ധാരീവിലാപ' ത്തിൽ എഴുത്തച്ഛൻ ചെയ്യുന്നത്. അതിൽ നിങ്ങളുടെ മനസ്സിനെ സ്പർശിച്ച രണ്ടു ദൃശ്യങ്ങൾ എടുത്തെഴുതുക. 2

8. "ജീവിതാന്ത്യംവരെ എന്നോടൊപ്പം നിലനിൽക്കുന്നവയായ കൃഷിക്കാരന്റെ പൊരുളുകൾ ധാരാളമായി നൽകി ഉരുളിക്കുന്നത്തെ മണ്ണ് എന്നെ അനുഗ്രഹിച്ചു". 2

ഉരുളിക്കുന്നം തനിക്ക് പലതും സമ്മാനിച്ചെന്ന് സക്കറിയ ദേശസ്മരണകളിൽ പറയുന്നുണ്ടല്ലോ? എന്തൊക്കെയാണവ ? അവയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

**9 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (അരപ്പുറം - 50 വാക്ക്) ഓരോന്നിനും 4 സ്കോർ വീതം.**

9. "അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ"

'നളിനി'യിൽ കുമാരാനാശാൻ വ്യക്തമാക്കുന്ന ജീവിത ദർശനം ഉതുപ്പാൻ എന്ന കഥാപാത്രത്തിൽ എത്രത്തോളം കാണാം. കഥാസന്ദർഭങ്ങൾ പ്രയോജനപ്പെടുത്തി നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

10. 'അർജ്ജുന വിഷാദയോഗം' എന്ന പാഠഭാഗത്തിലെ പ്രധാന ആശയം താഴെ നല്കിയിരിക്കുന്നവയിൽ ഏതാണ് ? നിങ്ങളുടെ അഭിപ്രായം സാധൂകരിക്കുന്നതിനുള്ള യുക്തികൾ നിരത്തുക.

- ആയുധംകൊണ്ട് എല്ലാം പരിഹരിച്ചുകളയാം എന്ന ധാരണ തെറ്റാണ്.
- ആയുധംകൊണ്ട് നേടുന്നവ സന്തോഷത്തോടെ അനുഭവിക്കാൻ ഒരിക്കലും മനസ്സു സമ്മതിക്കുകയില്ല.
- മറ്റുള്ളവരെ കീഴടക്കാനുള്ള വഴി ആയുധം പ്രയോഗിക്കലല്ല. സ്നേഹം പ്രയോഗിക്കലാണ്.

11.
- 'ശിവരാമൻ റോഡിന്റെ വെളിച്ചം കുറഞ്ഞ അരുകിലൂടെ പതുക്കെ വീട്ടിലേക്കു നടന്നു'.
- "ഗ്യാസ് ചോർന്ന് കേടായ ഫ്രിഡ്ജ് പോലെത്തന്നെ നമ്മളെ ജീവിതം". ആർട്ട് അറ്റാക്ക് എന്ന കഥയുടെ തുടക്കത്തിൽത്തന്നെ കാണുന്ന ഈ സൂചനകൾ ശിവരാമനെന്ന കഥാപാത്രത്തിന്റെ ജീവിത സാഹചര്യങ്ങളെക്കുറിച്ചുള്ള എന്തൊക്കെ സൂചനകളാണ് ഉൾക്കൊള്ളുന്നത് ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

for more materials visit www.educationobserver.com/forum



12. താഴെ നൽകിയിരിക്കുന്ന ഏതെങ്കിലും ഒരു പ്രസ്താവനയെ 'മുരിഞ്ഞപ്പേരീം ചോറും' എന്ന പാഠഭാഗവുമായി ബന്ധിപ്പിച്ചു വിശദീകരിക്കുക.

- വാമൊഴിയുടെ തെളിമയാണ് ചാക്യാരുടെ അവതരണരീതിയുടെ സവിശേഷത.
- ദാരിദ്ര്യമാണ് മുഖ്യവിഷയം.
- സാമൂഹികാവസ്ഥകളുടെ ചിത്രീകരണം കൂത്തിൽ വളരെ പ്രധാനമാണ്.

13. 'തട്ടക'ത്തെ മലയാളത്തിലെ ശ്രദ്ധേയമായ നോവലാക്കുന്ന സവിശേഷതകളിൽ ഒന്ന് വിശദമാക്കുക.

**14 - 15 ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും ഒന്നിന് ഉത്തരം എഴുതുക.**
**(ഒരുപുറം - 100 വാക്ക് ) 6 സ്കോർ.**

14. ഗാസ : വെടിനിർത്തലിന് ഐക്യരാഷ്ട്രസഭയുടെ ഇടപെടൽ

(20 നവംബർ 2012)

ഗാസ സിറ്റി : പലസ്തീനിലെ ഗാസയിൽ ഇസ്രായേൽ വ്യോമാക്രമണത്തിൽ മരിച്ചവരുടെ എണ്ണം 100 കവിഞ്ഞു. മൂന്നു കുട്ടികളടക്കം 25 പേർ തിങ്കളാഴ്ച്ച മാത്രം കൊല്ലപ്പെട്ടു. മരണസംഖ്യ ഉയരുന്നതിൽ ഐക്യരാഷ്ട്രസഭ ആശങ്ക രേഖപ്പെടുത്തി. മേഖലയിൽ അടിയന്തിരമായി വെടിനിർത്തലിനുള്ള നടപടികൾക്കായി ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജെനറൽ ബാൻ കി മൂൺ ഈജിപ്തിലെത്തി.

മുകളിൽ നൽകിയ പത്രവാർത്ത ശ്രദ്ധിക്കൂ. യുദ്ധം മനുഷ്യരാശിക്ക് ഏൽപ്പിക്കുന്ന ആഘാതങ്ങൾ പട്ടാളക്കാരൻ, ഗാന്ധാരീവിലാപം എന്നീ പാഠഭാഗങ്ങളിലും വ്യക്തമാക്കുന്നുണ്ടല്ലോ. ഇവയുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ നിരീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഉപന്യാസം തയ്യാറാക്കുക.

15. 'മാധ്യമങ്ങളിലെ സ്ത്രീ' എന്ന പാനൽ ചർച്ചയിൽ ഉന്നയിക്കപ്പെട്ട ചില വാദങ്ങളാണ് താഴെ കൊടുക്കുന്നത്.

- എന്തും വിറ്റഴിക്കാനുള്ള ഒരു ഉപാധിയായി മാത്രമാണ് മാധ്യമങ്ങൾ സ്ത്രീയെ കാണുന്നത്.
- സ്ത്രീയുടെ മനസ്സിനെയും അവളുടെ കഴിവുകളെയും അല്ല; അവളുടെ ശരീരത്തെയാണ് ദൃശ്യമാധ്യമങ്ങൾ ലാക്കാക്കുന്നത്.
- സ്ത്രീകളെ ഉപഭോഗസംസ്കാരത്തിന്റെ അടിമകളാക്കുന്നു.
- ദുരിതങ്ങളിലും കഷ്ടപ്പാടിലും പെട്ട് ഉഴലുന്ന സാധാരണക്കാരായ സ്ത്രീകളുടെ ജീവിതം മാധ്യമങ്ങൾ പലപ്പോഴും കാണാറില്ല.

ഈ വാദഗതികളോടു നിങ്ങൾ യോജിക്കുന്നുവോ ? 'ഇരുചിറകുകളൊരുമയിലങ്ങനെ' എന്ന ഭാഗത്തെ ആശയങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് നിങ്ങളുടെ നിരീക്ഷണങ്ങൾ യുക്തിപൂർവ്വം അവതരിപ്പിക്കുക.

for more materials visit www.educationobserver.com/forum



Score

16. താഴെ നൽകിയ കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക. 6

**ആശ്വാസം**

കൽപ്പറ്റ നാരായണൻ

അമ്മ മരിച്ചപ്പോൾ എനിക്കാശ്വാസമായി
ഇനിയെനിക്കത്താഴപഷ്ണി കിടക്കാം
ആരും സൈ്വര്യം കെടുത്തില്ല.
ഇനിയെനിക്കുണങ്ങിപ്പാറുന്നത് വരെ
തല തുവർത്തണ്ട
ആരും ഇഴ വിടർത്തിനോക്കില്ല.
ഇനിയെനിക്ക് കിണറിന്റെ ആൾമറയിലിരുന്ന്
ഉറക്കം തൂങ്ങിക്കൊണ്ട് പുസ്തകം വായിക്കാം
പാഞ്ഞെത്തുന്ന ഒരു നിലവിളി
എന്നെ ഞെട്ടിച്ചുണർത്തില്ല.
സന്ധ്യാസമയത്ത് പുറത്തിറങ്ങാൻ
ടോർച്ചെടുക്കേണ്ട
പാമ്പുകടിയേറ്റ്
രോമത്തുളകളിലൂടെ ചോരവന്നു ചത്ത
അയൽക്കാരനെ ഓർത്തു
ഉറക്കത്തിൽ എണീറ്റിരുന്ന മനസ്സ്
ഇന്നലെ ഇല്ലാതെയായി.
ഇനിയെനിക്കെത്തിയെടത്തുറങ്ങാം
ഞാൻ എത്തിയാൽ മാത്രം
കെടുന്ന വിളക്കുള്ള വീട്
ഇന്നലെ കെട്ടു.
തന്റെ കുറ്റമാണ്
ഞാനനുഭവിക്കുന്നതത്രയും
എന്ന ഗർഭകാലത്തോന്നലിൽ നിന്ന്
അമ്മ ഇന്നലെ മുക്തയായി.
ഒടുവിൽ അമ്മയെന്നെ
പെറ്റ് തീർന്നു.
ഭൂമിയിൽ
ശരീരവേദനകൊണ്ടല്ലാതെ
ദുഃഖം കൊണ്ട്
ഇനിയാരും കരയുകയില്ല.

- o 0 o -